# മാതൃഭാഷ

മാതൃഭാഷ എന്നത് അമ്മയെ പോലെയാണ്. മനുഷ്യന് സ്വന്തം ഭാഷയാണ് പെറ്റമ്മ. മറ്റുള്ള ഭാഷകൾ കേവലം തൊഴില് മത്രമാണ്. അവനവനുടെ സങ്കടവും, സന്തോഷവും, ദേഷ്യവും എല്ലാം പറഞ്ഞറിയിക്കാൻ കഴിയുന്നത്. മാതൃഭാഷയിലൂടെ മാത്രമേ സാധിക്കുവെന്നതിന് യാതൊരു സംശയവുമില്ല.

മാതൃഭാഷയെ വെറുക്കുന്ന ഇക്കാലത്ത് മലയാളം എന്ന കേരളീയരുടെ മാതൃഭാഷ നാട്ടിൻപുറത്തുകാര് മാത്രം സംസാരിക്കുന്ന ഒന്നായി മാറിക്കൊണ്ടിരിക്കുന്നു.ഉയർന്ന വിദ്യാഭ്യാസം നേടി വിദേശത്ത് പേകുന്നവരും പോയി വന്നവരുമൊക്കെ തങ്ങളുടെ മാതൃഭാഷയായ മലയാളത്തിനെ മറന്ന് ഇംഗ്ലീഷ് സംസാരിക്കാന് തയ്യാറാവുന്നു. മലയാളം പറയുന്നത് ഒരു കുറച്ചിലായും മലയാളം സംസാരിക്കുന്നവരോട് അവജ്ഞയും ഒക്കെ ഇക്കൂട്ടർക്ക് തോന്നുന്നു. പക്ഷേ ,മാതൃഭാഷ മുലപ്പാലിനൊപ്പം പകർന്നതാണെന്നും അതിനെ മറക്കുന്നത് ഊട്ടിവളർത്തിയ അമ്മയെ മറക്കുന്നതിന് തുല്യമാണെന്നും മാതൃഭാഷയെ നിന്ദിക്കുന്നത് അമ്മയെ നിന്ദിക്കുന്നതിന് തുല്യമാണെന്നും ഇവർ മനസ്സിലാക്കുന്നില്ല.

അങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ സമൂഹത്തിൽ മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുക്കുന്നവരും ഉണ്ട്. അവർ മാതൃഭാഷയെ സ്നേഹിക്കുകയും, ബഹുമാനിക്കുകയും, ആദരിക്കുകയും ഒക്കെ ചെയ്യുന്നു.ഇവര് മാതൃഭാഷയെ മറക്കുന്നവർക്ക് അത് അരുത് എന്ന സന്ദേശവുമായി നിലകൊള്ളുകയും ചെയ്യുന്നു, മാതൃഭാഷയെ മറക്കാനുള്ളതല്ലെന്നും അത് സംസാരിച്ച് അടുത്ത തലമുറക്ക് കൈമാറേണ്ട ഒന്നാണെന്നും ഉള്ളത് ഏവർക്കും അറിയുന്ന കാര്യമാണ്. പക്ഷേ അത് അറിയാമായിട്ടും മാതൃഭാഷ നിന്ദിക്കുന്നവരുടെ സ്വഭാവം ഒന്നു വേറേ തന്നെയാണ്. പക്ഷേ അവരെക്കാൾക്കൂടുതല് മാതൃഭാഷയെ സ്നേഹിക്കുന്നവരും ഉണ്ട്. അങ്ങനെ മാതൃഭാഷയെ കഴിയുന്നതും പരിഘോഷിക്കുവാൻ എല്ലാവരും തയ്യാറാകണം. അങ്ങനെ മാതൃഭാഷ അനശ്വരമായ ഒന്നായി നിലകൊള്ളണം.

# എന്റെ മുത്തശ്ശി

എന്റെ മുത്തശ്ശി
നല്ല മുത്തശ്ശി
കഥ പറയും മുത്തശ്ശി
കവിത പാടും മുത്തശ്ശി
നാമം ജപിക്കും മുത്തശ്ശി
പല്ലില്ലാത്ത മുത്തശ്ശി
എന്റെ സ്വന്തം മുത്തശ്ശി

**Name -Anjitha venugopal**
**Class-V.B**

# അമ്പിളിഅമ്മാവൻ

ഒരു രാവിൽ ഞാന്
അങ്കണത്തിൽ
ഇറങ്ങി നോക്കിയപ്പോൾ
ആകാശത്തായ് അമ്പിളി-
അമ്മാവൻ പുഞ്ചിരിച്ചു-
നിൽക്കുന്നു.
കുറേ നേരം കഴിഞ്ഞപ്പോൾ
പൂനിലാവിന് വെളിച്ചം
അതിന് അടുത്തായ്
കുറേ താരങ്ങളെയും
കാണാം... അമ്പിളി അമ്മാവൻ
പുഞ്ചിരിക്കുന്നത് കാണാൻ
എന്ത് അഴകാണ് ഇടക്ക്
ഇടെ മഴ മേഘങ്ങൾക്ക്
ഇടയിൽ മറയും
ആ രാവിൽ ഞാന്
ആ ദ്യഷ്ടിയിൽ
ഞാൻ മുഴുകി-
പോയി....

Rejana. B

V.B

# ചെറുകവിതകളും
# ചെറുകഥകളും

തയ്യാറാക്കിയത്:  ഗോപികീർത്തന.ജി.എസ്സ്
ക്ലാസ്സ്    **VII – C**

## ചെറുകവിതകൾ

1. ഒരു തത്തപ്പെണ്ണിന്റെ കല്ല്യാണം

ഇത്തിരിവട്ടകുടയും ചൂടി തത്തികൊത്തി
നടക്കും പെണ്ണിന് കല്ല്യാണം
തത്ത പെണ്ണിന് കല്ല്യാണം
പച്ച തത്ത പെണ്ണിന് കല്ല്യാണം
അക്കര കാട്ടിലെ പൂച്ചയുമായി
തത്ത പെണ്ണിന് കല്ല്യാണം
പച്ച തത്ത പെണ്ണിന് കല്ല്യാണം
എന്നെ കൂടി വിളിക്കാമോ
തത്ത പെണ്ണിന്റെ കല്ല്യാണത്തിന്
എന്നെ കൂടി വിളിക്കാമോ
പച്ച തത്ത പെണ്ണിന്റെ കല്ല്യാണത്തിന്
എന്നെ കൂടി വിളിക്കാമോ

2. തിരുവോണം

വരവായി ഓണം വരവായി
വരവായി തിരുവോണം വരവായി
അത്തപ്പൂക്കളം വരവായി
ഉത്രാട സന്ധ്യ അണയും മുമ്പേ
അത്തപ്പൂക്കളം വരവായി
അത്തപ്പൂക്കളം ഇട്ടുകഴിയുമ്പോൾ
മാവേലി വരവായി ആ.....
മാവേലി വരവായി

3. ചിത്രശലഭങ്ങളുടെ ലോകം

കാടു കുലുക്കി വരുന്നതു
കണ്ടോ ചിത്രശലഭകൂട്ടങ്ങൾ
കാടു കുലുക്കി വരുന്നതു
കണ്ടോ വമ്പൻ ശലഭകൂട്ടങ്ങള്
ആരു നിനക്കീ ചിറകകൾ തന്നു?

ആരു നിനക്കീ വർണ്ണം തന്നു?
ദൈവമെനിക്കീ ചിറകുകൾ തന്നു
പ്രകൃതിയെനിക്കീ വർണ്ണം തന്നു

4. കുഞ്ഞുവാവേ ഉറങ്ങ്

ഉറങ്ങുറങ്ങ് വാവേ ഉറങ്ങ്
കണ്ണും പൂട്ടിയുറങ്ങ്
ഒച്ചവെയ്ക്കാണ്ടുറങ്ങ്
അച്ഛനെ ഓർത്തുറങ്ങ്
അമ്മയെ ഓർത്തുറങ്ങ്
സ്വപ്നങ്ങൾ കണ്ടുറങ്ങ്
കഥകളും കവിതകളും
കേട്ടുറങ്ങ് വാവേ ഉറങ്ങ്
പ്രാർത്ഥിച്ചുറങ്ങ് ആ....
ദൈവത്തെ പ്രാർത്ഥിച്ചുറങ്ങ്

5. ധീരജവാരോടുള്ള അമ്മയുടെ നന്ദി

മറക്കുകയില്ല ഞാൻ മറക്കുകയില്ല
ഞാന് മരിച്ചാലും മറക്കുകയില്ല
എന്റെ കുഞ്ഞിന് രക്ഷകരായ് വന്ന്
രക്ഷിച്ച ധീരജവാന്മാരെ
മറക്കുകില്ല ഞാൻ മറക്കുകില്ല
പേറ്റുന്നനോവോടെ പിടയുന്ന
നേരത്ത് എന്നെ രക്ഷിച്ച്
കരകയറ്റിയ ധീരജവാന്മാരെ
മറക്കുകില്ല ഞാൻ മറക്കുകില്ല

# ചെറുകഥ

## അഹങ്കാരിയായ അമ്മുവിന്റെ പൊങ്ങച്ചം പറച്ചില്

ഒരിടത്ത് ഒരിടത്ത് അമ്മു എന്ന് പേരുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൾ സ്കൂള് ബസ്സിലാണ് പോകുന്നതും വരുന്നതും. അവളുടെ കൂട്ടുകാരികൾ ഇവളുടെ കഥകൾ കേൾക്കാന് ബസ്സിലുണ്ടായിരുന്നു. അങ്ങനെ ഒരു ദിവസം അവളുടെ കൂട്ടുകാരികളില് ഒരുവളായ ലീന പറഞ്ഞു "കൂട്ടുകാരികളെ ഞാനിന്നൊരു സ്വപ്നം കണ്ടു. എനിക്കതിൽ പിന്നെ പോടിയാണ്". അപ്പോൾ പൊങ്ങച്ചക്കാരിയായ അമ്മു പറഞ്ഞു "എനിക്ക് പേടിയൊന്നുമില്ല ഞാൻ രാത്രിയില് ഒറ്റക്കാണ് കിടക്കുന്നത് ഞാൻ രാത്രിയില് വെളിയിലിറങ്ങും എന്നൊക്കെ അങ്ങനെ സ്കൂളിലെത്തി അവരെല്ലാം ക്ലാസ്സിൽ പോയി. അമ്മുവും ക്ലാസ്സിൽ പോയി. എന്നാൽ അവളുടെ അമ്മ അമ്മുവിനെയും ലീനയെയും അങ്ങനെ കുറച്ചു കുട്ടികളെ ട്യൂഷനെടുക്കുന്നുണ്ട്. അന്ന് വൈകുന്നേരം അമ്മുവിന് വയ്യാത്തതിനാൽ അവള് ട്യൂഷന് ക്ലാസ്സിലിരുന്നില്ല. അപ്പോൾ ലീന അമ്മുവിന്റെ അമ്മയോടു ചോദിച്ചു. "ടീച്ചറേ അമ്മുവിന് പേടിയുണ്ടോ അവൾ ബസ്സിലിരുന്നു പറഞ്ഞു അവൾക്ക് പേടിയില്ല രാത്രിയില് ഒറ്റക്കാകിടക്കുന്നത്. രാത്രിയിൽ വെളിയിയിറങ്ങും എന്നൊക്കെ." അപ്പോൾ അമ്മ പറഞ്ഞു "ഹും അവക്കാണോ പേടിയില്ലാത്തെ. ഒരു സ്വപ്നം കണ്ടേ പിന്നെ എന്റെ കീഴില് നിന്ന് മാറത്തില്ല. ഇപ്പോൾത്തന്നെ അവള് വീട്ടിൽ തനിച്ചിരിക്കുന്നത് ത്നനെ എങ്ങനെയാണെന്ന് ദൈവത്തിനറിയാം." അപ്പോൾ കുട്ടികളെല്ലാം കിടന്നു ചിരിച്ചു. പിറ്റേദിവസം അമ്മു ബസ്സിൽ കയറിയപ്പോള് ആരും മിണ്ടുന്നില്ല കഥ കേൾക്കാന് വരുന്നില്ല. അപ്പോള് അഹങ്കാരിയായ അമ്മു അവരെ കളിയാക്കി "എല്ലാരും എന്താ മൗനവ്യദത്തിലാണോ" എന്ന് പറഞ്ഞ്. ആ തക്കം നോക്കി ലീന ഇവൾക്കൊരു പമി കൊടുക്കാമെന്നു കരുതി. അവൾ പറഞ്ഞു. "ഇന്ന് രാവിലെ അമ്മ പറഞ്ഞു ഇപ്പോൾ പിള്ളാരെ പിടുത്തക്കാരുണ്ട് സൂക്ഷിച്ചും കമ്ടും വേണം നിൽക്കാന് എന്ന്. അത് കേട്ടപ്പോൾ എനിക്ക് ഒന്നുകൂടി പേടികൂടി." അപ്പോൾ അമ്മു കളിയാക്കി "അയ്യേ പേടിതൊണ്ടി" എന്ന് പറഞ്ഞ്. അപ്പോൾ മറ്റൊരു കൂട്ടുകാരിയായ ഗീതു ചോദിച്ചു. "നിനക്ക് പേടിയുണ്ടോ" അവൾ പറഞ്ഞു. "എനിക്കോ പേടിയോ എനീകെങ്ങും പേടി" വരെ പറഞ്ഞപ്പോൾ ലീന ചാടക്കയറി പറഞ്ഞു. "ഉണ്ട്" അപ്പോൾ അമ്മു പറഞ്ഞ്. "ലീന എന്തിനാ അങ്ങനെ പറഞ്ഞത്" അപ്പോൾ ലീന പറഞ്ഞു "ഇന്നലെ ഞാൻ ട്യൂഷന് വന്നപ്പോൾ അമ്മയോട് ഞാന് ചോദിച്ചു ടീച്ചറേ അവൾക്ക് പേടിയുണ്ടോ എന്ന്. അപ്പോൾ അമ്മ സത്യങ്ങള് എല്ലാം പറഞ്ഞു.

എന്തിനാ ഇനീം ഞങ്ങളെ പറ്റിക്കാൻ നോക്കുന്നത് അമ്മു". അപ്പോൾ അമ്മുവിന് മനസ്സിലായ് ഇവർ എല്ലാം അറിഞ്ഞിട്ടിരിക്കുവാണെന്ന്. ഇനി അമ്മുവിന് ഒന്നും പറയാനില്ലാതെ അവൾ കരഞ്ഞു. അപ്പോൾ കൂട്ടുകാര് പറഞ്ഞു. "ഇനി കരഞ്ഞിട്ടു കാര്യമില്ല ഇനിയെങ്കിലും നീ നിന്റെ തെറ്റ് തിരുത്തിയാല് മതി. അതോടെ അവൾ ഒരു പാഠം പഠിച്ചു. കൂട്ടുകാരെ വഞ്ചിക്കരുതെന്നും അഹങ്കാരവും പൊങ്ങച്ചം പറച്ചിലും നല്ലതല്ലെന്നു.

**Name: Anjitha venugopal**
**Class: V.B**

## മുക്കുവനും ഭാര്യയും

ഒരിടത്ത് ഒരിടത്ത് ഒരു മുക്കുവനും ഭാര്യയും താമസിച്ചിരുന്നു. മുക്കുവൻ ഒരു പാവമായിരുന്നു. എന്നാൽ അവന്റെ ഭാര്യ അഹങ്കാരിയായിരുന്നു. അവൻ വളരെ പാവപ്പെവരായിരുന്നു. ഒരു ദിവസം മുക്കുവൻ മീന് പിടിക്കുകയായിരുന്നു. പെട്ടന്ന് ചൂണ്ടയിൽ എന്തോ ഒരു ഭാരം അവന് തോന്നി. അവൻ ചൂണ്ട വലിച്ച് കൊട്ടയിലേക്ക് ഇട്ടു അന്നിട്ട് അവൻ കൊട്ടയിലേക്ക് നോക്കി അത് ഒരു സാധാരണ മീൻ അല്ലയിരുന്നു അത് ഒരു മന്ത്രിക മീൻയായിരുന്നു ആ മന്ത്രിക മീന് അവനോട് പറഞ്ഞു ദയ തോന്നിയ മുക്കുവൻ ആമന്ത്രിക മീനിനെ വെറുതെ വിട്ടു എന്നും മീനിനെ കൊണ്ട് ചെന്നില്ല അപ്പോൾ അവന്റെ ഭാര്യ അവനോട് ദേഷ്യപ്പെട്ടു എന്താ ഇന്ന് മീൻ കൊണ്ടുവരാതിരുന്നത് എന്ന് ഭാര്യ അവനോട് ചോദിച്ചും അവൻ നടന്ന സംഭവം പറഞ്ഞു ഭാര്യയ്ക്ക്പ്പെട്ടന്ന് ദേഷ്യം വന്നു എന്നിട്ട് മുക്കുവനോട് ഭാര്യ ദേഷ്യത്തോടെ പറഞ്ഞു എന്തിനാണ് ആമന്ത്രിക മീനിനെ തിരിച്ചുവിട്ടത് അവൾ മുക്കുവന്നോട് ചോദിച്ചും ആ മീന് ഒരു മന്ത്രിക മീൻല്ലേ നിങ്ങള് പ്പെട്ടന്ന് കുളത്തില് പോയില ഞാന് പറയുന്ന ആഗ്രഹം ആമീനോട് പറയണം മുക്കുവന് ഭാര്യയുടെ സന്തോഷത്തിനു വേണ്ടി കുളത്തിലേക്ക് ഓടി പോയി മുക്കുവൻ കുളത്തിൽ നിന്ന് നാല് തവണ മന്ത്രിക മീനേ എന്നു വിളിച്ചു പ്പെട്ടന്ന് മന്ത്രിക മീൻ കുളത്തില് നിന്ന് പൊങ്ങി വന്നു എന്നിട്ട് മീന് പറഞ്ഞു നിന്നകെത വേണ്ടത് മുക്കുവൻ പറഞ്ഞു എന്റെ ഭാര്യയ്ക്ക് ഒരു ആഗ്രഹം അവൾക്ക് വലിയ രാജകുമാരി ആകണം പക്ഷേ എന്റെ ആഗ്രഹം അവളുടെ അഹങ്കാരം കുറയണമെന്നാണ്. നീ എനിക്ക് സാധിച്ചുതരമോ?മീൻപറഞ്ഞു ഞാന് സാധിച്ചുതരാം നീ ആഗ്രഹിച്ചതു പോലെ ആവും പിന്നെ മുക്കുവനും ഭാര്യയും സന്തോഷത്തോടെ ജീവിച്ചു

## ഭൂമിയിലെ മനോഹര കാഴ്ചകള്

നമ്മുടെ ഇന്ത്യയിലെ മനോഹര കാഴ്ചകളാണ് താജ്മഹലും കുത്തബ് മിനാറും. ഊട്ടി, കൊടൈക്കനാൽ പ്രദേശങ്ങള് തമിഴ്നാട്ടിലും ഫ്രാൻസിലെ പിസാ ഗോപുരമാണ് ലോകത്തിലെ ഏറ്റവും മനോര കാഴ്ച. നമ്മുടെ കൊച്ചു കേരളത്തിൽ ഇടുക്കി, തേക്കടി, മലമ്പുഴ എന്നിവടങ്ങളിലെ ഡാമുകള് ധാരാളം ടൂറിസ്റ്റുകള് വരുന്ന സ്ഥലങ്ങളാണ്. ഒരുപാടു പഴങ്ങളും നല്ല മണമുള്ള പൂക്കളും കുളിർക്കാറ്റും ,പക്ഷികളും കളഗാനവും തോടുകളും പുഴകളും അരുവികളും മാമലകളും നിറഞ്ഞ ഭൂപ്രകൃതിയാണ് കേരളത്തിൽ ഉള്ളത്. ആലപ്പുഴ ജില്ലയിലെ കായൽ പ്രദേശങ്ങള്

വളരെ മനോഹരമാണ്. പാലക്കാടുള്ള ടിപ്പു സുൽത്താന്റെ കോട്ട പഴമയുടെ ഒരു പ്രതീകം ആണ്. ദേശീയ പാത 544 ല് പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിക്കും തൃശ്ശൂർ ജില്ലയിലെ മണ്ണൂത്തിക്കും ഇടയിൽ നിർമ്മാണത്തിലുള്ളതാണ് കുതിരാന് തുരങ്കം. കുതിരാൻ മലനിരയെ തുരന്നു കൊണ്ടുള്ള ഈ തുരങ്കത്തിന് 920 മീറ്റര് ആണ് നീളം. തുരങ്കമുഖം ഉൾപ്പെടെ കൃത്യമായ ദൂരം ഒരു കിലോമീറ്റര് ആണ്. 14 മീറ്റര് വീതിയിലാണ് ഇരട്ട തിരങ്കത്തിന്റെ നിർമ്മാണം. ഉയരം 10 മീറ്റർ. തുരങ്കങ്ങൾ തമ്മില് 200 മീറ്റര് അകലമുണ്ട്. 450 മീറ്റർ പിന്നിട്ടാല് ഓരോ തുരങ്കങ്ങളേയും ബന്ധിപ്പിച്ചു 14 മീറ്റര് വീഥിയിൽ പാത നിർമ്മിക്കാന് പദ്ധതിയുണ്ട്. തുരങ്കത്തിനുള്ളിൽ യാത്രക്കാരുടെ സുരക്ഷയ്ക്ക് ഹൈടെക് സംവിധാനം ഒരുക്കുന്നത്. പുറത്തു സ്ക്രീനുകൾ തയാറാക്കി അകത്തു പത്തു സി സി ക്യാമറകൾ സജ്ജീകരിക്കുന്നുണ്ട്. തുരങ്കത്തിന്റെ രണ്ടറ്റത്തും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോള് റൂം ഉണ്ടാവും. ഏതു നമ്മുടെ കൊച്ചു കേരളത്തിലെ മനോഹര കാഴ്ചയായിരിക്കും. ലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നാണ് അമേരിക്കയിലെ നയാഗ്ര വെള്ളച്ചാട്ടം. ഇന്ത്യയിലെ എവറസ്റ്റ് കൊടുമുടി ഒരു മനോഹര കാഴ്ചയാണ്. കൊല്ലം ജില്ലയിൽ പുതുതായി ആരംഭിച്ച ജടായു പാറ ഒരു അത്ഭുതമാണ്. തൃശ്ശൂർ പൂരം അതിനോടനുബന്ധിച്ചുള്ള വെടിക്കെട്ട്, കുടമാറ്റം എന്നിവ മനസ്സിന് കുളിർമ്മയേകുന്നതാണ്. ആലപ്പുഴ ജില്ലയിലെ ചെട്ടികുളങ്ങര കുംഭഭരണി മഹോത്സവം ലോകത്തിൽ തന്നെ സ്ഥാനം പിടിച്ചിട്ടുള്ളതാണ്. ഓണാട്ടുകരയിലെ മറ്റൊരു മനോഹര കാഴ്ചയാണ് ഓച്ചിറയിലെ  കാള കെട്ട്. ഇങ്ങനെ ലോകത്തിലെ മനോഹര കാഴ്ചകൾ എണ്ണിയാല് ഒടുങ്ങാത്തതാണ്.

## ഒരു ക്രിസ്മസ് കാലം

ഒരുടത്ത് മിന്നു എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു അവൾ എല്ലാ ക്രിസ്മസിനും ക്രിസ്മസ്  മരത്തിന്റെ അടിയില് ഒരു കടലാസിൽ ആഗ്രഹം എഴുതി വെക്കാറുണ്ടായിരുന്നു. ഒരു ക്രിസ്മസിന്റെ അന്ന് അവള് പതിവ് ജോലി ചെയ്തു അന്ന് രാത്രിയിൽ മിന്നു എഴുതിവെക്കാറുണ്ടായിരുന്നു. ഒരു ക്രിസ്മസിന്റെ അന്ന് അവൾ പതിവ് ജോലി ചെയ്തു. അന്ന് രാത്രിയിൽ മിന്നു എഴുതിവെച്ച ആഗ്രഹം ക്രിസ്മസ് അപ്പുപ്പൻ ക്രിസ്മസ് മരത്തിന്റെ പുറകിൽ ഒളിപ്പിച്ച് വെച്ചു. പിറ്റെ ദിവസം മിന്നു ക്രിസ്മസ് മരത്തിന്റെ അടുത്ത് ചെന്ന് നോക്കി. എന്റെ സമ്മാനം എവിടെ. മിന്നുവിന് വളരെ വിഷമമായി. അവൾ ആ കടലാസില് എഴുതിയ ആഗ്രഹം ആണ് അവൾക്ക് ഒരു പാവകുട്ടിയെ വേണം എന്ന് എഴുതി വെച്ചു. വൈകുന്നേരം മഴയുടെ ലക്ഷണം വന്നു. മിന്നുവും

അച്ഛനും ക്രിസ്മസ് മരം അകത്തേക്ക് കയറ്റി വെയ്ക്കാൻ തുടങ്ങി. മിന്നു മഴ വീഴുന്നത് കണ്ടു. അവൾ പറഞ്ഞു. "ഹായി" എന്നെ പറ്റിച്ചതാണ് അല്ലേ അവൾ ഓടി പോയി പാവകുട്ടിയെ എടുത്ത് കൊണ്ടു വന്നു. അവൾ അതിനെ കൊണ്ട് അവളുടെ മുറിയിലേക്ക് ഓടി പോയി കട്ടിലില് കിടന്നു അവള് പതുക്കെ പതുക്കെ കണ്ണടച്ച് ഉറങ്ങാൻ തുടങ്ങി.

ശ്രുതി നന്ദ. എസ്സ്
**V. B**

**sreelekshmi.S**

**Std. V A**

# മൃഗങ്ങളുടെ രാജാവ്

ഒരിടത്ത് ഒരിടത്ത് ഒരു വലിയ കാടുണ്ടായിരുന്നു. അവിടെ നിറച്ച് മൃഗങ്ങളായിരുന്നു. മൃഗങ്ങൾ എല്ലാം ഓരോ ദിക്കുകളിലാണ് നിൽക്കുന്നത്. മൃഗങ്ങളുടെ രാജാവ് കിട്ടുസിംഹമായിരുന്നു. ഒരു ദിവസം രാജാവ് പറഞ്ഞു ഈ കാട്ടിലെ എല്ലാ മൃഗങ്ങളെയും വിളിച്ചിട്ട് വരൂ. അന്നേരം ഒരു മൃഗം പറഞ്ഞു ഞങ്ങൾ വരുന്നില്ല. അത് എന്താ. ഞങ്ങളെ കണ്ടാൽ പുലികള് പിടിച്ച് കൊന്നു തിന്നും.ആരും തിന്നത്തില്ല. തറപ്പിച്ച് പറയാൻ കാരണം രാജാവ് എന്തൊ കാര്യം പറയാനാണ് എല്ലാവരെയും വിളിച്ചത്. എന്നാൽ ഞങ്ങൾ വരാം. ശരി, ഞാൻ ബാക്കിയുള്ളവരെ വിളിക്കട്ടെ. നിങ്ങൾ കിട്ടുസിംഹത്തിന്റെ അടുത്തേക്ക് പൊയ്ക്കോളു. അവർ ചിന്തിച്ചു. ഇങ്ങനെ തറപ്പിച്ചു പറയാൻ കാരണം എന്താ. ആ നമുക്ക് രാജാവിന്റെ അടുത്തേക്ക് പോകാം. എല്ലാവരും അവിടെ എത്തി. രാജാവെ എന്തിനാണ് ഞങ്ങളെ വിളിച്ചത്. ഇന്ന് നമ്മുടെ കാട്ടിലെ അക്കുമുയലിന്റെ പിറന്നാള് ആണ്. അതിനെ എല്ലാവരും പിറന്നാളിന് എത്തണം. പിന്നെ ഒരു കാര്യം ഇനിയും ആരും മറ്റുള്ളവരെ പിടിച്ച് കൊന്ന് തിന്നരുത്. പുലിക്ക് അന്നേരം സങ്കടം വന്നു. രാജാവേ എന്തിനാണ് അങ്ങനെ പറഞ്ഞത്. ഇന്ന് ഇവിടെ നിങ്ങൾക്ക് ഇഷ്ടമുള്ള മാംസങ്ങളാണ്. അതുകൊണ്ടാണ് ഇനിയും പിടിച്ച് തിന്നണ്ടാന്ന് പറഞ്ഞത്. നാളെയും മറ്റെന്നാളും ഇനിയും എല്ലാദിവസം നിങ്ങൾക്ക് ഇഷ്ടപ്പെട്ടത് ഇവിടെ ഉണ്ട്. ശരി, രാജാവേ ഞങ്ങൾ ഇനിയും പിടിച്ച് തിന്നില്ല. അത് അവിടെ നിൽക്കട്ടെ പിറന്നാളിനുള്ള കാര്യങ്ങൾ ചെയ്യു. പിന്നെ ഒരു കാര്യം അക്കുമുയലിനോട് പിറന്നാളിന്റെ കാര്യം ആരും പറയണ്ട. എന്നിൽ നിന്ന് അവർക്ക് ഒരു സന്തോഷം കിട്ടട്ടെ.

അങ്ങനെ പിറന്നാളിന്റെ സമയം അടുത്തു വന്നു. രാജാവ് അക്കുമുയലിനെ വിളിക്കാൻ പോയി. അക്കുമുയൽ ഞെട്ടിപ്പോയി. അക്കുമുയൽ കിട്ടുസിംഹത്തിന്റെ അടുത്തേക്ക് ഓടി ചെന്നു. എന്നിട്ട് പറഞ്ഞു ഞാൻ രാജാവിന്റെ അടുക്കല് നിന്ന് എന്റെ പിറന്നാല് ആഘോഷിച്ചിട്ടില്ല. അതിനാണ് ഞാന് അക്കുമുയലിനെ വിളിക്കാന് വന്നത്. നമുക്ക് എല്ലാവർക്കുംകൂടെ പോകാം. അതോ ഞാൻ അച്ഛനെയും അമ്മയേയും വിളിച്ചിട്ട് വരാം. ശരി.

അങ്ങനെ പിറന്നാൾ കഴിഞ്ഞ് പിറ്റേ ദിവസം. അച്ഛാ അമ്മേ എന്റെ പ്രിയപ്പെട്ട ദിവസമായിരുന്നു ഇന്നലെ അതുപോലെ തന്നെ എന്റെ അടുത്ത പിറന്നാളിനും രാജാവ് ഞെട്ടിപ്പിക്കണം.

# ദൈവം നൽകിയ ശിക്ഷ

ഒരിടത്ത് രാമു എന്ന് പേരുള്ള ഒരു പാൽ വിൽപ്പനക്കാരന് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കയ്യില് ധാരാളം പണം ഉണ്ടായിരുന്നു. അതുപോലെ പിശുക്കനുമായിരുന്നു. പാൽ വിൽക്കാന് അടുത്ത പട്ടണത്തില് ഒരു നദി കടന്നു വേണം പോകുവാൻ. പോകുന്നവഴിക്ക് നദിയിൽ നിന്ന് വെള്ളം എടുത്ത് പാലിൽ ചേർത്ത് ധാരാളം ലാഭം ഉണ്ടാക്കി.

അങ്ങനെയിരിക്കെ ഒരു ദിവസം രാമുവിന്റെ മകളുടെ കല്യാണം എത്തി. അതിനു വേണ്ടി അദ്ധേഹം പാൽ വിറ്റ പൈസ എല്ലാവരോടും വാങ്ങി. മകൾക്ക് ആഭരണങ്ങളും വിലകൂടിയ തുണിയും വാങ്ങി രാമു വീട്ടിലേക്ക് മടങ്ങുവാന് നദിക്കരയില് എത്തി. രാമു തോണി മറിഞ്ഞ് നദിയിൽ മുങ്ങി പോയി. രാമുവിന്റെ സ്വർണ്ണാഭരണങ്ങളും തുണികളും എല്ലാം വെള്ളത്തില് നഷ്ടപ്പെട്ടു. രാമു വിഷമിച്ചു നിന്നപ്പോൾ നദിയില് നിന്ന് പെട്ടെന്ന് ഒരു അശരീരി കേട്ടു. നീ വിഷമിക്കണ്ട. നീ മറ്റുള്ളവരെ പറ്റിച്ച് ഉണ്ടാക്കിയതിന്റെ ഒരംശം മാത്രമേ പോയിട്ടൊള്ളു. ഇനി എങ്കിലും നീ പാലിൽ വെള്ളം ചേർത്ത് ആരെയും പറ്റിക്കരുത്. ഇത് കേട്ട് അദ്ധേഹം നാണിച്ചു തലതാഴ്ത്തി.

മന്യ.എസ്സ്

ഹർഷ. എസ്സ്
5 ബി

# ദൈവം നൽകിയ വരം

ഒരിടത്ത് ഒരു പാവംകുടുംബത്തിൽ അമ്മു എന്ന് പേരുള്ള ഒരു പാവം കുട്ടി ഉണ്ടായിരുന്നു. സ്കൂളിൽ പോവ്വാനും പഠിക്കാനും ഒന്നും നിവർത്തി ഇല്ലാത്ത ഒരു സാധു കുടുംബത്തിലെ കുട്ടിയാണ് അമ്മു. ആൾക്കാരുടെ മുന്നില് തല ഉയർത്തി നടക്കാന് പോലും കഴിയാത്ത ഒരു പാവം കുട്ടിയാണ് അവള്. അച്ഛൻ ഇല്ലത്തതിനാല് അമ്മുവിന്റെ അമ്മ തളർന്ന് കിടപ്പിലാണ് അതിനാല് അമ്മുവിന്റെ അമ്മ തളർന്ന് കിടപ്പിലാണ് അതിനാല് അമ്മുവാണ് വീട്ടു ജോലികൾ ചെയ്യുന്നത്. അവളെയും അവടെ അമ്മയേയും ആരും സ്നേഹിക്കത്തില്ലെങ്കിലും അവൾക്ക് നല്ല വിശ്വാസം ഉണ്ടായിരുന്നു. ആരെങ്കിലും അവളെയോ അവളുടെ അമ്മയേയോ സ്നേഹിക്കുമായിരിക്കുമെന്ന് അവൾ കരുതി. അങ്ങനെ ഇരിക്കെ ഒരു ദിവസം അവളുടെ മരിച്ചു പോയ അച്ഛന്റെ കൂട്ടുകാരന് ഉണ്ണിമാമൻ പറഞ്ഞു നിങ്ങളുടെ കഷ്ടപ്പാട് ഞാന് അറിയുന്നു. നിങ്ങളുടെ പ്രാർത്ഥന ദൈവം കേൾക്കാതിരിക്കില്ല എന്ന് ഉണ്ണിമാമന് പറഞ്ഞു. പിറ്റേ ദിവസം അവർ പോയി ഒരു ലോട്ടറി എടുത്തു. അവൾ അടുത്തുള്ള വീട്ടില് ചെന്ന് പത്രം എടുത്ത് നോക്കിയപ്പോള് അവൾക്ക് ഒന്നാം സമ്മാനം ഒരു കോടി രൂപ അടിച്ചിരിക്കുന്നു. ഇപ്പോൾ അമ്മുവിന് സ്കൂളില് പോവാന് കഴിയും. അവളുടെ അമ്മയുടെ രോഗം മാറി.



Mannya. B

5-B

# MY MOTHER

***My sweet mother***

***My heart mother***

***I love my mother***

***My mother care me very much***

***I will help my mother***

***I have an ill my mother gives me medicine***

***This reason I love my mother***

***My sweety hearty mother***

Nayanna .S. Raju

5-B

# *Space Science Quiz*

1. ***Full form of D.O.S :- Department of Space***
2. ***Full form of S.A.C :- Space Application Centre***
3. ***Full form of S.L.V :- Satellite Launch Vehicle***
4. ***Full form of P.S.L.V :- Polar Satellite Launch Vehicle***
5. ***Full form of N.R.S.A :- National Remote Sensing Agency***
6. ***Full form of R.S.R :- Rohini Sounding Rocket***
7. ***Full form of S.P.L :- Space Physics Laboratory***
8. ***Full form of P.A.M :-Payload Assist Module***

Nayanna.S.Raju

5-B

# ***DR. APJ'S QUOTES***

***(AVOOL PAKKER JAINALABDIN ABDUL KALAM)***

1. ***You have to dream before your dreams come true.***
2. ***We should not give up and we should not allow problems to defeat us.***
3. ***Those who cannot work with their heart achieve but a hollow , half-hearted success that breeds bitterness all around.***
4. ***The best teacher is your last mistake.***
5. ***A good book is equal to 100 friends but a good friend is equal to a library***

# ഒരു മഹാവിദ്യാലയം പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ നിറവിൽ

ഒരു മഹാവിദ്യാലയം അതിന്റെ 75–ാം വയസ്സിലേക്ക് കടന്നു. ഒരു വർഷം നീണ്ടു നില്ക്കുന്ന ആഘോഷപരിപാടികളാണ് ഈ പിറന്നാൾ വർഷത്തിൽ നടക്കുന്നത്. ഈ ചരിത്ര മുഹൂർത്തത്തിൽ ഈ സ്ഥാപനത്തിന്റെ ഉത്ഭവത്തെയും പടിപടിയായുള്ള വളർച്ചയേയും വർത്തമാനകാല പരിതസ്ഥിതിയിൽ വരുത്തേണ്ട മാറ്റങ്ങളേയുമെല്ലാം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഈ ആഘോഷപരിപാടികളുടെയെല്ലാം അടിസ്ഥാനലക്ഷ്യം ഈ തട്ടകത്തിൽ നിന്നുള്ള അന്വേഷണമാണ്.

2006 സ്കൂൾ വർഷത്തിൽ ആരംഭിച്ച ഈ ആഘോഷപരിപാടികൾ 2007 മാർച്ചിൽ അവസാനിക്കുമ്പോൾ ഇതിന്റെ പുരോഗതിക്ക് സഹായകമായ പുതിയ ദിശാബോധം തേടേണ്ടിയിരിക്കുന്നു. അതിന് സഹായകമായ തരത്തിൽ വിവിധ പരിപാടികൾ ഇതിനകം നടന്നു കഴിഞ്ഞു. ഏറ്റവും ശ്രദ്ധേയമായ കാര്യം വെറും ആഘോഷം എന്നതിനുപരി കുട്ടികളുടെ പഠനത്തിന് സഹായകരമായ തരത്തിൽ അവരുടെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാനകലകൾ ഉൾപ്പെടെയുള്ള വിഷയങ്ങളെ സംബന്ധിച്ച് പഠനക്യാമ്പുകൾ നടത്തുക എന്നതായിരുന്നു. രക്ഷാകർത്താക്കളെയും ബഹുജനങ്ങളെയുമാകെ ഈ പരിപാടികളുമായി ബന്ധപ്പെടുത്തി.

ഈ സ്ഥാപനത്തിന്റെ സ്ഥാപകനായിരുന്ന ശ്രീ.എ.എൻ.പി. നായരുടെ പുത്രനും എ.എൻ.പി.നായർ സ്മാരക ട്രസ്റ്റിന്റെ ചെയർമാനുമായ ഡോ: കെ.പി.സുകുമാരപിള്ള ജനറൽ കൺവീനറും ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.മഹേന്ദ്രൻ ചെയർമാനുമായുള്ള ഇരുനൂറ്റി അൻപത് അംഗ് കമ്മിറ്റിയാണ് പരിപാടികൾ നിയന്ത്രിക്കുന്നത്.

1931–ൽ ചെട്ടികുളങ്ങര കേന്ദ്രമാക്കി 'വിദ്യാലയപോഷിണി ഇൻസ്റ്റിറ്റ്യൂഷൻ' എന്ന വിദ്യാഭ്യാസ കേന്ദ്രം ആരംഭിച്ചു. യശശ്ശരീരനായ ശ്രീ.എ.എൻ.പി. നായരുടെ ക്രാന്തദർശിത്വമായിരുന്നു ഈ സംരംഭത്തിന് പിന്നിൽ. ഈ സ്ഥാപനത്തിന്റെ പേരിൽ "വിദ്യാലയ പോഷിണി" എന്ന ഒരു മാസിക പ്രസിദ്ധീകരണം ആരംഭിച്ചു. പ്രസിദ്ധ സാഹിത്യകാരനും വിദ്യാഭ്യാസചിന്തകനുമൊക്കെയായിരുന്ന കൈനിക്കര കുമാരപിള്ള അതിന്റെ ചീഫ് എഡിറ്ററും, ശ്രീ.എ.എൻ.പി.നായർ മാനേജിംഗ് എഡിറ്ററും ആയിരുന്നു. ഒരു വലിയ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കുകയായിരുന്നു ശ്രീ. നായർ. 1932–ൽ 'വിദ്യാപോഷിണി' മിഡിൽ സ്കൂൾ എന്ന വിദ്യാലയം പ്രവർത്തനം തുടങ്ങി. 1932–ൽ ശ്രീ പത്മനാഭദാസ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാപാജാവ് തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്ത് മെക്കാൽ പൈ ഡയറക്ടറായിരുന്ന കാലത്ത് അനുവദിച്ച സ്കൂൾ ആണ്.

ഇന്ന് എഴുതാനും വായിക്കാനും അറിയാത്ത ഒരു വ്യക്തിയെക്കുറിച്ച് കേരളീയർക്ക് ചിന്തിക്കാൻ കഴിയില്ല. അന്നതായിരുന്നില്ല സ്ഥിതി. ബഹുഭൂരിപക്ഷവും നിരക്ഷരരാണ്. അക്ഷരദാരിദ്ര്യം മാത്രമല്ല അഷ്ടിയുടെ കാര്യത്തിലും സ്ഥിതി അതുതന്നെയായിരുന്നു. ബ്രിട്ടീഷ് അടിമത്തം കൂടിയായപ്പോൾ ചിത്രം പൂർണ്ണമായി. കൊളോണിയൽ വാഴ്ചക്കെതിരെ ലോകത്താകെ അലയടിച്ച ദേശീയ പ്രക്ഷോഭങ്ങളുടെ ഭാഗമായി ഇന്ത്യയിലും സ്വാതന്ത്ര്യസമരപോരാട്ടങ്ങൾ വിവിധ രൂപങ്ങളിൽ നടക്കുന്ന കാലം. കേരളത്തിലും ഇതിന്റെ അലയൊലികൾ ശക്തമായി. ഈ ദേശീയ പ്രക്ഷോഭ സമരങ്ങളിൽ ജനങ്ങളെയാകെ അണിനിരത്തുന്നതിന് ജനങ്ങളെ സജ്ജരാക്കുന്നതിന്റെ ഭാഗമായി നാടെങ്ങും വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കാനും വ്യക്തികളും സാമുദായിക സംഘടനകളുമെല്ലാം വിദ്യാലയങ്ങൾ സ്ഥാപിക്കാൻ മുന്നോട്ട് വരികയും ചെയ്തു. നിസ്വാർത്ഥമായ കഠിന പ്രയത്നം വേണ്ടിവരുന്ന, ത്യാഗപൂർണ്ണമായ ഒരു പ്രവർത്തനമായിരുന്നു ഇത്. ഓണാ

ട്ടുകരയുടെ സ്ഥിതിയും മറിച്ചായിരുന്നില്ല. പഠിക്കാൻ ആഗ്രഹമുള്ളവർക്കുതന്നെ പോയി പഠിക്കാൻ സ്ഥാപനങ്ങളില്ല. പുലർച്ചെ ചൂട്ടുംകെട്ടി മൈലുകൾ താണ്ടി വിദ്യാലയത്തിലെത്തി, ഒട്ടിയ വയറോടെയും ഈറൻ വസ്ത്രത്തോടെയുമിരുന്ന് വിദ്യാഭ്യാസം ചെയ്യേണ്ടിവന്നിരുന്ന പഴയതലമുറയേക്കുറിച്ച് പറഞ്ഞുകേൾക്കുമ്പോൾ നമുക്ക് അത്ഭുതം തോന്നിയേക്കാം. ഇത്തരം പ്രതികൂലസാഹചര്യങ്ങളിലാണ് ചെട്ടികുളങ്ങര ആസ്ഥാനമാക്കി ഈ വിദ്യാലയവും ആരംഭിച്ചത്.

1934-ൽ ഇത് മലയാളം ഹൈസ്ക്കൂൾ ആയി ഉയർത്തി. അന്ന് ബ്രിട്ടീഷ് ഭരണത്തിന്റെ സ്വാധീനം കൊണ്ടാകാം, അപൂർവ്വമായി ഉള്ള സ്കൂളുകൾ ഇംഗ്ലീഷ് സ്കൂളുകളായിരുന്നു. സാധാരണക്കാർക്ക് ഈ വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെ വിട്ടുപഠിപ്പിക്കാനുള്ള സാമ്പത്തികശേഷി ഇല്ലായിരുന്നു. അക്കാലത്ത് വിദൂര പ്രദേശങ്ങളിൽ നിന്നുപോലും കുട്ടികൾ വിദ്യാഭ്യാസത്തിനുവേണ്ടി ഈ വിദ്യാലയത്തെ ആശ്രയിച്ചിരുന്നു.

1937-ൽ ആണ് ഇവിടെ ഹയർ ഗ്രേഡ് ട്രെയിനിംഗ് സ്കൂൾ തുടങ്ങിയത്. അക്കാലത്ത് ഹയർ ഗ്രേഡ് ട്രെയിനിംഗ് സ്കൂൾ ചങ്ങനാശ്ശേരിയിലും, കൊട്ടാരക്കരയിലും മാത്രമായിരുന്നു ഉണ്ടായിരുന്നത്.

ശ്രീ.എ.എൻ.പി. നായരുടെ ഈ വിദ്യാഭ്യാസ രംഗത്തെ പരിശ്രമം ചെട്ടികുളങ്ങരയിൽ മാത്രം ഒതുങ്ങിയില്ല. കായംകുളത്തും കരുനാഗപ്പള്ളിയിലെ തഴവയിലും ഓരോ ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിച്ചു.

1948-ൽ ചെട്ടികുളങ്ങരയിലെ മലയാളം ഹൈസ്ക്കൂൾ, ഇംഗ്ലീഷ് ഹൈസ്ക്കൂളായി പരിവർത്തനം ചെയ്യപ്പെട്ടു. 1967-ൽ 5-ാംസ്റ്റാന്റേർഡ് മുതൽ എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസ്സുകൾക്ക് ഇംഗ്ലീഷ് മീഡിയം സമാന്തര ഡിവിഷനും ആരംഭിച്ചു.

എൺപതുകളിൽ ആലപ്പുഴ റവന്യൂജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനം എന്ന നിലയിലേക്ക് ഈ സ്ഥാപനം ഉയർന്നു. 1982-ൽ കനകജൂബിലി ആഘോഷിച്ചതും ഇതിന്റെ പൊലിമയിൽ നിന്നുകൊണ്ടാണ്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ.കെ.കരുണാകരൻ കനക ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും, കനക ജൂബിലി സ്മാരക ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനവും നിർവ്വഹിച്ചു.

ഈ വളർച്ചയുടെ പടവുകൾ ഒന്നൊന്നായി കയറുമ്പോഴും കർമ്മ നിരതനായ ഒരു മനുഷ്യന്റെ ശബ്ദം നമ്മുടെ കാതുകളിൽ മുഴങ്ങുന്നു. സ്കൂൾ മാനേജർ എന്ന നിലയിൽ മാത്രമല്ല, അദ്ധ്യാപകൻ എന്ന നിലയ്ക്കും ശ്രീ.എ.എൻ.പി. നായർ മറ്റുള്ളവർക്ക് മാതൃകയായിരുന്നു. പ്രഗത്ഭരായ ഒരു പറ്റം അദ്ധ്യാപകർ അദ്ദേഹത്തിനു ശക്തിപകരാൻ സദാ സന്നദ്ധരായി ഉണ്ടായിരുന്നു. മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു മഹാവിദ്യാലയമാക്കി വിവിധ മേഖലകളിൽ വ്യാപരിച്ച് ഒരു വിദ്യാഭ്യാസ സമുച്ചയം തന്നെ ഉണ്ടാക്കിയെടുക്കുക എന്നത് അദ്ദേഹത്തിന്റെ വലിയ സ്വപ്നമായിരുന്നു. ഒരു വിദ്യാലയത്തിന് അവശ്യം വേണ്ടതെല്ലാം ചിട്ടയോടെ ക്രമപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

1950-മുതല്ക്കു തന്നെ ഈ വിദ്യാലയത്തിൽ സ്കൗട്ടും ഗൈഡ്സും പ്രവർത്തനം ആരംഭിച്ചിരുന്നു. 1957 മുതൽ പുരുഷവിഭാഗം എൻ.സി.സി. ഗ്രൂപ്പ് പ്രവർത്തനം തുടങ്ങി. 2003-ൽ പെൺകുട്ടികളെയും കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുകയുമുണ്ടായി.

ഈ സ്കൂളിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട അവിസ്മരണീയ അനുഭവങ്ങൾ അനവധിയെങ്കിലും അപൂർവ്വങ്ങളായ ചിലത് അടയാളപ്പെടുത്താതിരിക്കാൻ കഴിയില്ല. സ്കൂളിൽ 1972ലും 1978ലും നടത്തിയ സയൻസ് എക്സിബിഷനുകൾ പ്രത്യേകം സ്മരണീയമാണ്. പരിസരത്തുള്ള സ്കൂളുകളിൽ നിന്നു മാത്രമല്ല വിദൂര സ്കൂളുകളിൽ നിന്നുപേലും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും നാട്ടുകാരുമാകെ ഈ എക്സിബിഷനുകൾ കാണാൻ എത്തുകയുണ്ടായി. നമ്മുടെ പുരാവസ്തുക്കൾ മുതൽ ആധുനിക യുഗത്തിലെ ശാസ്ത്രസാങ്കേതിക നേട്ടങ്ങൾവരെ മനസ്സിലാക്കാൻ പര്യാപ്തമായ തരത്തിലുള്ള അതിന്റെ ക്രമീകരണം ഏറെ പ്രശംസനീയമായി. തൽഫലമായി 1972ലും 1978ലും ഡൽഹിയിൽ വെച്ച് നടന്ന അഖിലേന്ത്യാ ശാസ്ത്ര മേളകളിലും, 1981ൽ മദ്രാസിലും, 1983 ൽ ബാംഗളൂരിലും നടന്ന ദക്ഷിണമേഖലാ ശാസ്ത്രമേളകളിലും

കേരളത്തെ പ്രതിനിധീകരിച്ച് സ്കൂളിനു പങ്കെടുക്കാനും നിരവധി പുരസ്ക്കാരങ്ങൾ സമ്പാദിക്കുവാനും കഴിഞ്ഞു.

യുവജനോത്സവ വേദികളിൽ ഈ സ്ഥാപനം അതിന്റെ മികവ് ആശ്ചര്യജനകമാംവിധം തെളിയിച്ചിട്ടുണ്ട്. ഇവരെ പരിശീലിപ്പിക്കാൻ പ്രാപ്തിയുള്ള കലാഭിരുചിയുള്ള അദ്ധ്യാപകരുടെ ഒരു നിരതന്നെ ഇവിടെയുണ്ടായിരുന്നു. മികവുറ്റ നടന്മാർ, ചിത്രകാരന്മാർ, സംഗീതജ്ഞർ ഒക്കെ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

ദീർഘകാലം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.സി.ചന്ദ്രശേഖരൻപിള്ളയ്ക്ക് 1983-ൽ മികച്ച അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് അവാർഡും 1984-ൽ നാഷണൽ അവാർഡും ലഭിക്കുകയുണ്ടായി. ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ.ദേവീദാസൻ തമ്പിക്ക് 1984-ലും ചിത്രകലാദ്ധ്യാപകനായിരുന്ന ശ്രീ.ജി.ഓമനക്കുട്ടൻപിള്ളയ്ക്ക് 1992-ലും സംസ്ഥാന അവാർഡുകൾ ലഭിച്ചു.

കൂടാതെ 1984-ൽ ഡൽഹിയിൽ നടന്ന റിപ്പബ്ലിക് ദിനപരേഡിൽ ഈ സ്കൂളിലെ എൻ.സി.സി. കേഡറ്റായിരുന്ന ശ്രീ.എൻ.രവി കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയുണ്ടായി.

കലാസാഹിത്യ രംഗങ്ങളിൽ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും മറ്റ് അഭ്യുദയകാംക്ഷികളുടേയും ഒരു കൂട്ടായ്മ വളർത്തിയെടുക്കാനും ചെട്ടികുളങ്ങരയിലെ സാംസ്ക്കാരിക ജീവിതത്തിൽ ഇടപെടാനും ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

പ്രഗത്ഭ നാടക നടനായിരുന്ന അക്ബർ ശങ്കരപിള്ള ഈ സ്കൂളിൽ ചിത്രകലാദ്ധ്യാപകനായി സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിലും ശിക്ഷണത്തിലും അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് പലകുറി നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

അക്ബർ ശങ്കരപിള്ള, അനാർക്കലി വാസുദേവൻ, കൈനിക്കര കുമാരപിള്ള, ഈ.വി.കൃഷ്ണപിള്ള തുടങ്ങിയ നാടക പ്രതിഭകളുടെ കൂട്ടായ്മയിലൂടെ അവതരിപ്പിച്ച അമേച്ചർ നാടകങ്ങൾ കേരളത്തിന്റെ തന്നെ അമേച്ചർ നാടകരംഗത്തിന് മുതൽ കൂട്ടായിട്ടുണ്ട്. മലയാള നാടകരംഗത്ത് ഈ പ്രതിഭകൾക്കുള്ള അംഗീകാരം കൊണ്ടുതന്നെ അതറിയാൻ കഴിയുന്നു.

ശ്രീമാന്മാരായ മാങ്കുളം വിഷ്ണുനമ്പൂതിരി, ചെങ്ങന്നൂർ രാമൻപിള്ള, കുറിച്ചി കുഞ്ഞൻ പണിക്കർ മുതലായ കഥകളി ആചാര്യന്മാർ പങ്കെടുത്തിരുന്ന കഥകളി അരങ്ങുകൾ ഒരു വലിയ ആസ്വാദകസംഘത്തിന്റെ പ്രശംസ പിടിച്ചുപറ്റിയിരുന്നു. പ്രശസ്ത കലാകാരനായിരുന്ന മലബാർ രാമൻനായരുടെ ഓട്ടൻ തുള്ളലും ഈ കലാപരിപാടികളുടെ ഭാഗമായി അവതരിപ്പിച്ചിട്ടുണ്ട്. കഥാപ്രസംഗങ്ങൾ, സംഗീതസദസ്സുകൾ, സാഹിത്യ സംവാദങ്ങൾ തുടങ്ങി സാംസ്കാരിക ജീവിതത്തിന് അന്യമല്ലാത്തതെല്ലാം ഈ തിരുമുറ്റത്തിരുന്ന് ആസ്വദിക്കാനുള്ള സന്ദർഭം സുലഭമായിരുന്നു.

ഈ വിദ്യാലയത്തിൽ പഠിച്ചു വളർന്ന് ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ച് പ്രശസ്തരായി തീർന്നിട്ടുള്ളവരുടെ ഒരു നീണ്ടനിരതന്നെയുണ്ട്. അവരിൽ ഓരോരുത്തരെയും കുറിച്ച് രേഖപ്പെടുത്തേണ്ട വസ്തുതകൾ നിരവധിയാണെങ്കിലും ഇതുപോലൊരു കുറിപ്പിൽ അത് അസാദ്ധ്യമാണല്ലോ.

നിണമണിഞ്ഞ കാല്പാടുകളിലൂടെ സഞ്ചരിച്ച് പണിതീരാത്തവീടും, അരനാഴികനേരവും, ആകാശത്തിലെ പറവകളുമടക്കമുള്ള നോവലുകളെഴുതിയ പാറപ്പുറത്ത് കെ.ഇ.മത്തായി ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥിയായിരുന്നു. കുന്നത്തുനിന്നും നടന്ന് ചെട്ടികുളങ്ങരയിലെത്തിയിരുന്ന അദ്ദേഹത്തിന്റെ ഒട്ടേറെ കഥാപാത്രങ്ങൾ ഈ സഞ്ചാരത്തിനിടയിൽ കണ്ടുമുട്ടിയവരാണ്. പ്രസിദ്ധനടനും കാളിദാസ കലാകേന്ദ്രത്തിന്റെ ഉപജ്ഞാതാവുമായ ശ്രീ.ഒ.മാധവൻ ചുനക്കരയിൽ നിന്നും ഇവിടെയെത്തി പഠിച്ച ഒരു വിദ്യാർത്ഥിയാണ്. മൃദംഗവിദ്വാൻ മാവേലിക്കര വേലുക്കുട്ടിനായരും സുപ്രസിദ്ധ കാഥികരായ ശ്രീ.ആർ.കെ.കൊട്ടാരവും ശ്രീ.എസ്.എസ്.ഉണ്ണിത്താനും ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. സാമൂഹികരാഷ്ട്രീയ രംഗത്തെ ഒട്ടേറെ പ്രശസ്തർ ഈ വിദ്യാലയത്തിന്റെ പൂർവ്വ വിദ്യാർത്ഥികളായിട്ടുണ്ട്. മാവേലിക്കര എം.എൽ.എ.യും

ശ്രീ.ഇറവങ്കര ഗോപാലക്കുറുപ്പ്, മാവേലിക്കര
കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ നേതാവുമായിരുന്ന ശ്രീ.എസ്.ഗോവിന്ദക്കുറുപ്പ് എന്നിവരും ചെട്ടി
എം.എൽ.എ.യും മാർക്സിസ്റ്റ് പാർട്ടി നേതാവുമായിരുന്ന
കുളങ്ങര ഹൈസ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

വൈദ്യുതി ബോർഡ് ചീഫ് എൻജിനീയറായിരുന്ന ശ്രീ.കെ.കൃഷ്ണൻകുട്ടി, ഇപ്പോൾ മലപ്പുറം കളക്ടറായിരിക്കുന്ന ശ്രീ.കെ.എസ്.പ്രേമചന്ദ്രക്കുറുപ്പ് എന്നിവർ ഔദ്യോഗിക രംഗത്ത് ഔന്നത്യത്തിൽ എത്തിയവരിൽ പ്രധാനികളാണ്. പ്രശസ്ത ശാസ്ത്രജ്ഞനായ ഡോക്ടർ സി.കെ.സദാശിവൻപിള്ള ഈ സ്ഥാപനത്തിലെ ഒരു പൂർവ്വ വിദ്യാർത്ഥിയാണ് എന്നത് ഏറെ അഭിമാനകരമാണല്ലോ. ഈ പട്ടിക വളരെ ശുഷ്കമാണ്. നാം അറിയുന്നവരും അല്ലാത്തവരുമായ എത്രയോ പേർ ഏതെല്ലാം മേഖലകളിൽ കർമ്മനിരതരായിരിക്കുന്നുവെന്നത് ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ വിദ്യാലയത്തിലെ അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുകയും പിന്നീട് മറ്റ് മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച് പ്രസിദ്ധരായവരും നിരവധിയാണ്. പ്രസിദ്ധ പത്രപ്രവർത്തകനും മലയാളരാജ്യം പത്രത്തിന്റെ പത്രാധിപരുമായിരുന്ന ശ്രീ.കെ.ഗോപാലപിള്ള ഈ സ്ഥാപനത്തിൽ അദ്ധ്യാപകനായി ജോലി ചെയ്തിരുന്നു. ആർ.എസ്.പി. നേതാവായിരുന്ന ശ്രീ.എൻ.ശ്രീകണ്ഠൻ നായരുടെ പിതാവും ഗവ: സംസ്കൃത കോളേജ് പ്രിൻസിപ്പലും പണ്ഡിതനുമായിരുന്ന ശ്രീ.എൻ.നീലകണ്ഠപ്പിള്ളയും മൃദംഗവിദ്വാൻ ശ്രീ.മാവേലിക്കര ശങ്കരൻകുട്ടിനായരും ഇവിടുത്തെ പൂർവ്വാദ്ധ്യാപകർ ആയിരുന്നു. കോട്ടയം കളക്ടറായിരുന്ന കോ ലേഴ്ത്ത് ശ്രീ.എം.രഘുനാഥനും മാവേലിക്കര എം.എൽ.എ. ആയിരുന്ന ശ്രീ.ജി.ഗോപിനാഥപിള്ളയും ഇവിടെ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 'അഖിലാണ്ഡമണ്ഡല'ത്തിന്റെ രചയിതാവ് ശ്രീ.പന്തളം കെ.പി.രാമൻപിള്ള കാ ഡയിൽ ഡപ്യൂട്ടി കമ്മീഷണറായിരുന്ന ശ്രീ.കെ.ശങ്കരപ്പിള്ള.

ഈ പഴയപാരമ്പര്യം കാത്തുസൂക്ഷിക്കുന്നതോടൊപ്പം കാലോചിതമായി വേണ്ട മാറ്റങ്ങൾ വരുത്തി മാണ് ഇപ്പോൾ ഇതിന്റെ മാനേജ്മെന്റായ എ.എൻ.പി.നായർ സ്മാരകട്രസ്റ്റ് പ്രവർത്തിക്കുന്നത്. ഒരു വിദ്യാലയമായി പ്രവർത്തിക്കുന്നതിനു വേണ്ട പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് സയൻസ് ലാബ റട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ തുടങ്ങിയവ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ രീതിയി ഉപയോഗപ്പെടുത്തുന്നതിന് പര്യാപ്തമായ രീതിയിൽ പ്രവർത്തിക്കുന്നു.

ഇപ്പോൾ ഈ സ്കൂളിനോട് ചേർന്ന് ഒരു എയിഡഡ് ലോവർ പ്രൈമറി സ്കൂളും ഒരു അൺ എയിഡ നഴ്സറി & ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തിക്കുന്നു. ജൂബിലിവർഷ ആഘോഷപരിപാടികളുടെ മായി ശ്രീ.എ.എൻ.പി. നായരുടെ ശതാബ്ദി സ്മാരകമായി തീർത്ത ബഹുനിലമന്ദിരം 2007 ജനുവരി ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി ശ്രീ.എം.എ.ബേബി ഉദ്ഘാടനം ചെയ്യുകയുണ്ടായി.

2006 ജൂലൈ 28ന് നടന്ന വർണ്ണാഭമായ വിളംബര ഘോഷയാത്രയോടെയാണ് ജൂബിലി ആഘോഷ പാടികൾക്ക് തുടക്കം കുറിച്ചത്. 2006 ആഗസ്റ്റ് 17 ൽ ബഹുമാനപ്പെട്ട കേരളാ ഗവർണ്ണർ ശ്രീ.ആർ.എ ട്ടിയ പ്ലാറ്റിനം ജൂബിലി ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ ചർച്ചകൾ, സാംസ് രിക സമ്മേളനങ്ങൾ, ക്ലാസ്സിക് കലകളുടെ ദൃശ്യാവിഷ്കരണം തുടങ്ങി വിദ്യാർത്ഥികൾക്ക് മാത്രമല്ല അ പകർക്കും രക്ഷാകർത്താക്കൾക്കും പ്രയോജനകരമായ ഒട്ടേറെ കർമ്മ പരിപാടികൾ ഈ കാലയള നടത്തുകയുണ്ടായി.

ഈ മഹാവിദ്യാലയത്തിന്റെ സ്ഥാപകനായിരുന്ന കർമ്മയോഗി ശ്രീ.എ.എൻ.പി. നായരുടെ വലിയ ങ്ങൾ സാക്ഷാത്കരിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. ഈ നാട്ടിലെ ജനങ്ങ ദൗത്യം ഏറ്റെടുക്കുമെന്നും ഇതിന്റെ അഭ്യുന്നതിക്കുവേണ്ടി പ്രയത്നിക്കുമെന്നും ഞങ്ങൾ ദൃഢമായി സിക്കുന്നു.